
പ്രയാണം



KERALA INFRASTRUCTURE AND
TECHNOLOGY FOR EDUCATION
little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ: LK/2018/32048
സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂൾ
നെടുംകുന്നം
Ph: 0481-2415152

| | | |
|---|---|---|
| **ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്** | **:-** | **ജിജി റോസ് തോമസ്**<br>**ജെസ്സി തോമസ്** |
| **ലീഡേഴ്സ്** | **:-** | **ലക്ഷ്മികൃഷ്ണ കെ.ബി**<br>**എമി അന്ന ബിനു** |
| **ചീഫ് എഡിറ്റർ** | **:-** | **ലിഷ മരിയ ഷോബി** |
| **എഡിറ്റേഴ്സ്** | **:-** | **ജെന്ന മേരി ജിജൻ**<br>**മാളവിക ജയകുമാർ**<br>**ദേവിക അശോക്**<br>**ഫാത്തിമാ അൻഷാദ്**<br>**ദിയാ ദീപക്** |

# താളുകൾ മറിക്കുമ്പോൾ


മുഖമൊഴി ............................................ 5
സന്ദേശം ............................................ 6
ആശംസ ............................................ 7
വയലാർ രാമവർമ്മ ............................................ 10
ഗുരു ............................................ 11
പ്രകൃതി ............................................ 12
മനുഷൻ ചന്ദ്രനിലേക്ക് ............................................ 13
മാതൃസ്നേഹം ............................................ 14
മീനുകളെ രക്ഷിച്ച ആമ ............................................ 15
മനുഷ്യനും പ്രകൃതിയും ............................................ 16
ചങ്ങാതി ............................................ 17
ബാല്യം ............................................ 18
കാലം ............................................ 19
വീട്ടുവളപ്പിലെ ഔഷധസസ്യ കൃഷി ............................................ 20
ആ മനുഷ്യന് ............................................ 21
രസതന്ത്രം ............................................ 22
വിനോദ യാത്ര ............................................ 23
മുല്ലപ്പൂവിന്റെ നിറമെന്ത്.. ............................................ 24
ചിന്നുകുട്ടിയും അമ്മമാവും ............................................ 25
മഴ മറഞ്ഞ മാനം ............................................ 26
ലഹരി എന്ന മായാലോകം ............................................ 27
താരാപഥം ............................................ 28
കേരള ശില്പകല ............................................ 29
നീലകുറിഞ്ഞി വസന്തം ............................................ 30
ജാലിശൃംഖലയുടെ [ഇന്റർനെറ്റ് ] ചരിത്രം ............................................ 31
ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികളിൽ ............................................ 32
മേരി കോം ............................................ 33
കീഴാർനെല്ലി. ............................................ 34
അരുണിമ സിൻഹ ............................................ 35
എന്റെ കേരളം. ............................................ 36
പ്രാണസഖി ............................................ 37
എൻ സഖി ............................................ 38
ജീവാണു തകർക്കുന്ന ജീവനുകൾ ............................................ 39
ആത്മബലത്തിന്റെ വിജയം ............................................ 40
ചേട്ടൻ ............................................ 41
അന്ധകാരം ............................................ 42
കനവ് ............................................ 43
ഹോർത്തൂസ് മലബാറിക്കൂസ് ............................................ 44
കെട്ടഴിഞ്ഞ കഴുത ............................................ 45
നീ ............................................ 46
എന്റെ അവധിക്കാല യാത്ര ............................................ 47
ലിറ്റൽ കൈറ്റ് പ്രവർത്തനങ്ങൾ ............................................ 48

# മുഖമൊഴി

*ന ലിറ്റിൽ കൈറ്റ്സ് മാസികയുടെ മൂന്നാം പതിപ്പ് പ്രസിദ്ധീകരിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷമുണ്ട്.വിവരവിനിമയ സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ സമർത്ഥമായും ഫലപ്രദമായും ഉപയോഗിക്കാൻ അഭിരുചിയുള്ള ഒരു തലമുറയെ വാർത്തെടുക്കാനാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനനിരതമാകുന്നത്. എഡിറ്റോറിയൽ ബോർഡിന്റെ സംയുക്തമായ പരിശ്രമം മൂലമാണ് ഈ മാസിക നിങ്ങൾക്കുമുൻപിൽ എത്തുന്നത്.ഞങ്ങളുടെ വിദ്യാലയത്തിലെ കുട്ടി എഴുത്തുകാരുടെ പ്രയത്നമാണ് ഈ മാസികയെ വായനക്കാരിലേയ്ക്ക് ആകർഷിക്കുന്നത്.ഈ പതിപ്പ് നിങ്ങളുടെ നിരൂപക പ്രശംസ നേടുകയും കുട്ടികളുടെ സൃഷ്ടിപരമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്കുവഹിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. ഈ പതിപ്പ് പ്രസിദ്ധീകരിക്കുന്നതിനുള്ള ഉത്തരവാദിത്തം ഞങ്ങളെ ഏൽപ്പിച്ച ബഹുമാനപ്പെട്ട ജിജി ടീച്ചറിനും ജെസ്സി ടീച്ചറിനും നന്ദി പറയുന്നു. ഉപയോഗപ്രദമായ സാങ്കേതികവിദ്യയുടെ വെളിച്ചം പകർന്നു നൽകുന്ന ലിറ്റിൽ കൈറ്റ്സിന് നന്ദി.കുട്ടികളുടെ ഭാവനാത്മകമായ രചനയിലൂടെ ഒരു "പ്രയാണം "..............*

ചീഫ് എഡിറ്റർ
ലിഷ മരിയ ഷോബി

# സന്ദേശം



കുട്ടികളുടെ വൈജ്ഞാനിക മേഖലയിൽ ചേർത്ത പുതിയൊരു പൊൻതൂവലാണ് ലിറ്റിൽ കൈറ്റ്സ് . ഇന്ന് ഹൈടെക് സംസ്കാരത്തിൽ അലിഞ്ഞുചേർന്ന മനസ്സുകളിൽ വിവരവിനിമയ സാങ്കേതിക ജ്ഞാനത്തിൽ മിഴിവാർന്ന വ്യക്തിത്വങ്ങളാൽ ലിറ്റിൽ കൈറ്റ്സ് ഒരു പ്രധാന പങ്കുവഹിക്കുന്നുഎന്നത് നിസ്സംശയമായ കാര്യം തന്നെ . സാമൂഹികജീവിയായ ഓരോ കുട്ടിയും ചുറ്റുപാടിനെ എങ്ങനെ നിരീക്ഷിക്കുന്നുഎന്നതുകൊണ്ട് മാത്രമായില്ല . ഈ ചുറ്റുപാട് എങ്ങനെ ഉണ്ടായി ?അവ എങ്ങനെ സംതുലിതാവസ്ഥ നിലനിർത്തികൊണ്ടു പോകുന്നു എന്ന ഒരു അന്വേഷണം ശാസ്ത്രാവബോധം കുട്ടിയിൽ ജനിപ്പിക്കുമ്പോൾ കുട്ടികൾക്ക് ഇന്ന് സന്തതസഹചാരിയായ ഇന്റർനെറ്റ് , മോബൈൽ ആപ്പുകൾ , സോഫ്റ്റ്വയറുകൾ, ആനിമേഷനുകൾ , ഗെയിമുകൾ തുടങ്ങിയവ എങ്ങനെപ്രവർത്തിക്കുന്നു എന്നതുംഎങ്ങനെ നിർമ്മിക്കപ്പെട്ടു എന്നതും പുതിയ ലോകത്തിന്റെ ശാസ്ത്രാന്വേഷണ പരിധിയിൽ വരേണ്ടവ എന്ന നിലയിൽ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയിൽ ഒരോ മനസ്സുകൾ നാളത്തെ ലോകത്തിൽ ഇതിലോക്കെ ബോധവതികൾ ആകട്ടെ എന്നും ഇതിലൂടെ സംഘടനാ മനോഭാവവും സഹവർത്തിത പഠനത്തിന്റെ അനുഭവങ്ങളും കുട്ടികൾ ആർജ്ജിക്കട്ടെ എന്ന് ആശംസിക്കുന്നു .

*സി. ആൻസമ്മ ജോസഫ്*
*ഹെഡ്മിസ്ട്രസ്*

# ആശംസ

നമ്മുടെ സ്കൂളിലെ 'ലിറ്റിൽ കൈറ്റ് 'ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ കുട്ടികൾ ഡിജി - മാഗസിൻ തയാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷമുണ്ട്. പൊതുവിദ്യാഭ്യാസ മേഖലയിൽ ഇന്ന് ധാരാളം പഠന പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നത് നമ്മുടെ കുട്ടികളുടെ ഭാഗ്യമാണ്. മാത്രമല്ല പഠിച്ചവ പ്രായോഗികമായി തെളിയിക്കുവാനും സ്കൂൾ സാഹചര്യങ്ങൾ ഇടമൊരുക്കുന്നുവെന്നത് മെച്ചപ്പെട്ടവിദ്യാഭ്യാസസമ്പ്രദായത്തിൻെറസൂചനയാണ്.ആനിമേഷനുകൾ,ഹ്രസ്വചിത്രങ്ങളുടെ നിർമ്മാണം തുടങ്ങിയവ കാലോചിതമായ മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ്. അത്തരം ശേഷികൾ കുറ്റമറ്റരീതിയിൽ ലിറ്റിൽ കൈറ്റ് അംഗങ്ങൾക്ക് സ്വന്തമാവുമ്പോൾ, മൊബൈൽ ആപ്പുകൾ, നെറ്റ് സങ്കേതങ്ങൾ തുടങ്ങിയവ സാങ്കേതികതികവോടെ കുട്ടികൾ സ്വായത്തമാക്കുമ്പോൾ, ഒരു പടികൂടി നമ്മുക്ക്, നമ്മുടെ കുഞ്ഞുങ്ങൾക്ക്,ഉയരത്തിലെത്താൻ സാധിക്കുന്നു. പേരു പോലെ കൂടുതൽ ഉയരത്തിൽ കുഞ്ഞുങ്ങൾ പറക്കട്ടെ! ഒരിക്കൽ കൂടെ നമ്മുടെ കുട്ടികൾക്ക് അഭിനന്ദനങ്ങൾ! ഈ സംരംഭത്തിന് നേതൃത്വം നൽകുന്നവർക്കും സൃഷ്ടികൾ നൽകിയവർക്കും അഭിനന്ദനങ്ങൾ!! ഉന്നത നിലവാരത്തിൽ ഇനിയുംഡിജിറ്റൽ ഉല്പന്നങ്ങൾ സംഭാവന ചെയ്യുന്നതിന് ഇടയാവട്ടെ.

അഭിനന്ദനങ്ങൾ!!

ചെറിയാൻ ജോബ് SITC

# ആശംസ

വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾ ഉപയോഗിക്കാൻ കഴിവുള്ള ഒരു പുതിയ തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ IT കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. കുട്ടികളുടെ വൈജ്ഞാനിക മേഖലയിൽ ചേർത്ത പുതിയൊരു പൊൻതൂവലായ ഈ സംരംഭം കുട്ടികളെ അഭിരുചിക്കനുസരിച്ചും സമകാലീനമായ പുരോഗതിക്കനുസരിച്ചും വളരുവാൻ പ്രാപ്തരാക്കുന്നു. ഹൈടെക് സംവിധാനത്തിൽ ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭവങ്ങളുടെനിർമ്മാണത്തിലും ഓരോ ലിറ്റിൽ കൈറ്റ്സ് അംഗവും പങ്കാളിയാകുന്നു. വിവരവിനിമയസാങ്കേതികവിദ്യ അനായാസം ഉപയോഗിക്കുവാൻ ഇത് കുട്ടികളെ പ്രാപ്തരാക്കുന്നു. കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃത്വ പാടവും സഹകരണ മനോഭാവവും കുട്ടികൾക്കു ലഭിക്കുന്നു.പ്രായോഗികജ്ഞാനം കൂടുതൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ കൂട്ടായ്മ കുട്ടികളെ സഹായിക്കുന്നു. ഭാവനാത്മകമായ സൃഷ്ടികൾക്ക് രൂപം കൊടുക്കുവാനും വർണ്ണങ്ങളും വരകളും ചാലിച്ചുചേർക്കുവാനും ഇതുവഴി കുട്ടികൾക്ക് സാധിക്കുന്നുണ്ട്. വിദ്യാഭ്യാസ രംഗത്ത് വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ജിജി റോസ് തോമസ്
കൈറ്റ്സ് മിസ്ട്രസ്സ്

# ആശംസ

പാഠ്യവിഷയങ്ങൾകൊപ്പം കലാകായിക സർഗശേഷികളെ കൂടി പരിപോഷിപ്പിക്കുക എന്നത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ് .വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാർത്ഥികളിലേക്ക് അറിവിന്റെ ജാലകം തുറക്കാനുള്ള എളിയ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് . അതിന്റെ പ്രവർത്തനങ്ങളിൽ ഏറെ മികവു പുലർത്തുന്നു . നവീനവും ആകർഷകവുമായ ഈ പഠന പദ്ധതികൾ കുട്ടികളുടെ ബൗദ്ധിക വളർച്ചയ്ക്കും സാമൂഹികവളർച്ചയ്ക്കും കാരണമാകുന്നുണ്ട്. വിദ്യാലയങ്ങളിലെ സർഗ്ഗാത്മകസ്വന്ദനങ്ങളെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ തൊട്ടറിയുക എന്നതാണ് ഈ സംരംഭത്തിന്റെ ഉദ്ദേശ്യലക്ഷ്യം. പുതിയ അറിവുകൾ ലഭിക്കുന്നതോടൊപ്പം പരസ്പരം സഹകരിച്ചും പങ്കുവെച്ചും ജീവിക്കുവാനുള്ള പരിശീലനവും ഇതുവഴി കുട്ടികൾക്കു ലഭിക്കുന്നു.ഒരു മാലയിൽ കോർത്തമുത്തുകൾ പോലെ വിദ്യാഭ്യാസവും സർഗ്ഗവാസനകളും ഒരുമിച്ച് കൊണ്ടുപോകാൻ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന്ആശംസിക്കുന്നു .

ജെസ്സി തോമസ്
കൈറ്റ് മിസ്ട്രസ്

# വയലാർ രാമവർമ്മ



മലയാള സാഹിത്യത്തിലെ പ്രശസ്തനായ കവിയും ,അനേകം ചലച്ചിത്ര നാടകഗാനങ്ങളുടെ രചയിതാവുമാണ് വയലാർ രാമവർമ്മ.1928 മാർച്ച് 25 ന് ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ വയലാർ എന്ന ഗ്രാമത്തിൽ കേരളവർമ്മയുടെയും അംബാലിക തമ്പുരാട്ടിയുടെയും മകനായി ജനിച്ചു. ചേർത്തല ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തീകരിച്ചു. പിൽകാലത്ത് ഈ സംഭവത്തിൻെറ പേരിൽ ആണ് അദ്ദേഹം 'ആത്മാവിൽ ഒരു ചിത' എന്ന കവിത എഴുതിയത്.സിനിമാ ഗാനരചയിതാവ് എന്ന പേരിലാണ് വയലാർ കൂടുതൽ പ്രസിദ്ധനായത്. അദ്ദേഹത്തിൻെറ പ്രസിദ്ധമായ ഗാനം ആണ്' 'ഈ മനോഹര തീരത്ത് തരുമോ ഇനിയൊരു ജന്മം കൂടി'. കേരള സാഹിത്യ അക്കാദമി പുരസ്കാരം ,മികച്ച ഗാനരചയിതാവിനുള്ള ദേശീയ പുരസ്കാരം പലതവണ സംസ്ഥാന ചലചിത്ര പുരസ്കാരം എന്നിവ ലഭിച്ചിട്ടുണ്ട്. 'പാദമുദ്രകൾ ,കൊന്തയും പൂണൂലും, എനിക്കു മരണമില്ല, ഒരു യൂദാസ് ജനിക്കുന്നു' എന്നീ കവിതകൾ പ്രശസ്തമാണ്. 1975 ഒക്ടോബർ 27 ന് തൻെറ 47-ാമത്തെ വയസ്സിൽ അന്തരിച്ചു.

*ലിഷ മരിയഷോബി*
*9 b*

# ഗുരു

വിദ്യയെന്ന മായാജാലം കാട്ടി തരുന്ന നീ
നന്മയിൻ വഴിയിലേക്ക് എന്നെ നയിച്ചിടുന്ന നീ
സ്വാർത്ഥ എന്ന ഭാവം അകറ്റി നീ
എന്നെ സ്വാർത്ഥനാക്കിടുന്ന നീ

വിദ്യാലയം എന്ന പൂന്തോപ്പിലെ
ഒരു പൂവാകുന്ന എന്നുടെ
കാവൽക്കാരനാകുന്നു നീ



വിദ്യ എൻ കാതിൽ ഓതി തരുന്നു നീ
എന്നെ ജ്ഞാനിയാക്കുന്നുവോ
പുസ്തക താളിൽ ചുരുളുകൾ അഴിച്ചിടുന്ന നീ
എന്നെ വിരുതനാക്കിടുന്നു

*ആദില ഫർഹാന*

# പ്രകൃതി

പ്രകൃതിയുടെ ഭാവി നമ്മുടെ കൈയ്യിലാണ്.ഭൂമിമാതാവിനെ സംരക്ഷിക്കാൻ മക്കളായ മനുഷ്യർക്കുള്ള ഉത്തരവാദിത്വം നമ്മൾമറക്കരുത് .ഭൂമി മനുഷ്യനു മാത്രമുള്ളതല്ല,മറ്റു ജീവജാലങ്ങൾക്ക് മനുഷ്യനെ പോലെ തന്നെ ജീവിക്കാൻ അവകാശമുണ്ട്.പ്രകൃതിയെ രക്ഷിക്കാൻ നമ്മൾ മക്കൾ ചെയ്യേണ്ടത്  സ്വന്തം വീട്ടിൽ തന്നെ ഒരു തൈ നട്ടുപിടിപ്പിക്കണം എന്നതാണ്.അതിനനിവാര്യമായി ജൈവവളവും ഉപയോഗിക്കുക.നമ്മുടെ ലോകം നേരിടുന്ന ഏറ്റവും വലിയ പരിസ്ഥിതി പ്രശ്നമാണ് മാലിന്യം.പലയിടത്തും മാലിന്യക്കൂമ്പാരങ്ങൾ നമുക്ക് കാണാം.വനങ്ങൾ നമ്മുടെ നാട്ടിലെ സമ്പത്താണ്. വനനശീകരണം മഴകുറക്കുകയും താപനിലവർദ്ധിക്കുകയും ചെയ്യുന്നു. നടപ്പുശീലമാക്കുക,പൊതുഗതാഗതം ഉപയോഗിക്കുക.ജലാശയങ്ങൾ സംരക്ഷിക്കുക.ഭൂമിയിൽ ജൈവവളങ്ങൾ ഉപയോഗിക്കുക. വനം ധനമാണെന്ന് തിരിച്ചറിഞ്ഞ് വനത്തെ സംരക്ഷിക്കുക. നമുക്കോരോരുത്തർക്കും പ്രകൃതി സംരക്ഷണത്തിൽ പങ്കാളികളാകാം.



*ആദില ഫർഹാന*

*9b*

# *മനുഷ്യൻ ചന്ദ്രനിലേക്ക്*



**വർഷം 1969. ജൂലൈ 20-ന് അമേരിക്ക വിക്ഷേപിച്ച അപ്പോളോ - 11 ഉപഗ്രഹം ഈഗിൾ പേടകത്തെ വഹിച്ച് ചന്ദ്രനിലിറങ്ങി.ഇതിൽനിന്ന് നീൽ ആംസ്ട്രോങ്, എഡ്വിൻ ആൽഡ്രിൻ എന്നിവർ ചന്ദ്രനിലിറങ്ങി. ഈ സമയം അവരുടെ സഹയാത്രികനായ മൈക്കിൾ കോളിൻസ് മാതൃപേടകമായ കൊളംബിയയിൽ ചന്ദ്രനെ മുപ്പതുതവണ വലംവച്ചു. നീൽ ആംസ്ട്രോങ്, എഡ്വിൻ ആൽഡ്രിൻ എന്നിവർ ചന്ദ്രനിൽ ഇറങ്ങിയ പ്രദേശം അറിയപ്പെടുന്നത് 'സീ ഓഫ് ട്രാൻക്വിലിറ്റി' എന്നാണ്. ഓസ്ട്രേലിയയിലെ ജി. ടി. വി. ആയിരുന്നു ഈ യാത്രയുടെ തത്സമയ ദൃശ്യങ്ങൾ പ്രേക്ഷകർക്ക് മുന്നിലെത്തിച്ചത്.നീൽ ആംസ്ട് രോങിനും എഡ്വിൻ ആൽഡ്രിനും മൈക്കിൾ കോളിൻസിനും ശേഷം അഞ്ച് ദൗത്യങ്ങളിലായി പത്തു പേർ കൂടി ചന്ദ്രനിലെത്തി.**

***അലീന അന്ന തോമസ്***
***9 ബി***

# മാതൃസ്നേഹം

സ്നേഹിക്കാൻ മാത്രമറിയാമെൻ അമ്മയെ
എൻ വാക്കുകൾകൊണ്ട് വേദനിപ്പിക്കവേ
സ്നേഹമാം ശിക്ഷണം നൽകിക്കൊണ്ടവേ
മാതൃസ്നേഹം പഠിപ്പിച്ചൊരെന്നമ്മ




സ്നേഹം നിറഞ്ഞുതുളുമ്പുമീ
മേഘത്തിൽ നീന്തിതുടിക്കുവാൻ
എൻന്റെ ആശ
അമ്മതൻ പൊന്നോമനയുടെ ആശ

*അന്ന മരിയ ജോസ്*
*9 ബി*

# മീനുകളെ രക്ഷിച്ച ആമ

ഒരു കുളത്തിൽ പാവങ്ങളായ കുറേ മീനുകൾ ഉണ്ടായിരുന്നു.ഒരിക്കൽ ഒരു കാക്ക ഈ മീനുകളെ കണ്ടു. ഒരു മാസത്തേക്ക് തിന്നാനുള്ളതായി ഇവന്മാരെ വേഗം അകത്താക്കാം എന്ന് കാക്ക വിചാരിച്ചു. കാക്ക മീനുകളെ ഒരോരുത്തരെയായി പിടിച്ചു തിന്നാൻ തുടങ്ങി. അയ്യോ ഇങ്ങനെ പോയാൽനമ്മുടെ കുളത്തിൽ ബാക്കിയുള്ള മീനുകൾ ആരും കാണില്ല. ഇത് ആ കുളത്തിലെ ആമ കേട്ടു; വിഷമിക്കണ്ട നിങ്ങളെ ഞാൻ സഹായിക്കാം നാളെ കാക്ക വരുമ്പോൾ ഞാൻ പറയുന്നതുപോലെ ചെയ്താൽ മതി ആമ പറഞ്ഞു.

പിറ്റേന്ന് കാക്ക വന്നപ്പോൾ ആമ ഒരു മീനിനെ പുറത്തു കയറ്റി വെള്ളത്തിനു മുകളിലേക്ക് പതുക്കെ പോങ്ങി. മിനിനെ കണ്ട കാക്ക വെള്ളത്തിലേക്ക് പാഞ്ഞു ചെന്നു. പെട്ടന്ന് മീൻ തെന്നിമാറി. കാക്കേടെ ചുണ്ട് ആമത്തോടിൽ ചെന്നിടിച്ചു. കാക്ക വേഗം പറന്നു പോയി. പിന്നീടവൻ മീൻ കഴിക്കാനായി ആ കുളത്തിൽ വന്നില്ല.



*ആഷ്ലിൻ ജോൺ*

*9 ഡി*

# മനുഷ്യനും പ്രകൃതിയും

*ആമുഖം*

മനുഷ്യവംശത്തിന്റെ നിലനിൽപ്പ് ഈ പ്രകൃതിയുടെ കരങ്ങളിലാണ്. സൃഷ്ടിയുടെ മകുടമായ മനുഷ്യൻ ഈ പ്രകൃതിയെ സംരക്ഷിക്കാൻ കടപ്പെട്ടവനാണ്. എന്നാൽ മനുഷ്യന്റെ ഇപ്പോഴുള്ള പ്രവർത്തനങ്ങൾ പ്രകൃതിയെ കൊല്ലുന്ന രീതിയിലാണ്. പ്രകൃതിയെ ചൂഷണം ചെയ്യുമ്പോഴും മനുഷ്യൻ ഓർക്കുന്നില്ല അത് തങ്ങളുടെ ജീവിതത്തെയാണ് ഏറ്റവും കൂടുതൽ ബാധിക്കുന്നത് എന്ന്. മനുഷ്യന്റെ ക്രൂരതകളെക്കുറിച്ചും അതിനെതിരെ എങ്ങനെ പ്രതികരിക്കാമെന്നും നമുക്ക് നോക്കാം.

**മനുഷ്യന്റെ ക്രൂരതകൾ**

മനുഷ്യൻ പ്രകൃതിയോട് കാണിക്കുന്ന ക്രൂരതകൾ അതിരുകടക്കുകയാണ്. കുന്നുകൾ ഇടിച്ചുനിരത്തിയും പാടങ്ങൾ നികത്തിയും മരങ്ങൾ വെട്ടിമുറിച്ചും മനുഷ്യൻ അവിടെ വലിയ സൗധങ്ങൾ കെട്ടിപ്പൊക്കുകയാണ്. അവന്റെ നിലനിൽപ്പിനെ ബാധിക്കത്തക്ക രീതിയിലാണ് മനുഷ്യന്റെ പ്രവർത്തനങ്ങൾ. ഇതിന് ഒരു മാറ്റം ഉണ്ടാകണം. നാം ഇതിനെതിരെ പോരാടണം.

*ശബ്ദമുയർത്താം*

മനുഷ്യന്റെ ഈ ക്രൂരതകൾക്ക് ഒരു അറുതി വരുത്തേണ്ടതുണ്ട്. ഇത്തരം പ്രവർത്തനങ്ങൾക്ക് എതിരെ നാം പോരാടണം. നമ്മുടെ പ്രകൃതിയെ സംരക്ഷിക്കുക എന്നത് നമ്മുടെ ലക്ഷ്യമായി മാറണം. പ്രകൃതിയ്ക്ക് എതിരെ നടക്കുന്നചൂഷണങ്ങൾക്ക് എതിരെ ശക്തമായി ശബ്ദമുയർത്താനും പോരാടാനും പ്രകൃതിയെ സംരക്ഷിക്കാനും നാം മുന്നിട്ടിറങ്ങണം.

*ഉപസംഹാരം*

പ്രകൃതി നമ്മുടെ അമ്മയാണ്. അമ്മയെ നാം സനേഹിക്കണം സംരക്ഷിക്കണം. അമ്മയെ വേദനിപ്പിക്കുന്നവർക്ക് എതിരെ നാം കണ്ണടച്ചുകളയരുത്. അവർക്കെതിരെ ശക്തമായി ശബ്ദമുയർത്തി പോരാടണം. ഭാവിതലമുറയ്ക്കായി നമ്മുടെ പ്രകൃതിയെ നമുക്ക് സംരക്ഷിക്കാം.

*– എയ്ഞ്ചൽ റോസ് അഭിലാഷ്*
*9 ഡി*

# ചങ്ങാതി

ഓരോ കൂട്ടും ഒരു കൂട്ടാകുന്നു
ആ കൂട്ടുകൾ തമ്മിൽ ഒരു
ബന്ധം ഉണ്ടാകുന്നു

ആ കൂട്ടുണ്ടെങ്കിൽ എന്തും
സാധ്യമാകുന്നു
ഒരിക്കലും ചതിക്കില്ല
അതിന്റെ പേരാണ് ചങ്ങാതി



*–ജിസ്സ അന്ന ജോയ്ക്കുട്ടി*

***9 ബി***

# ബാല്യം

ഹിമകണങ്ങൾ പെതിഞ്ഞ
പൊൻപൂക്കൾ പോലെ
തുള്ളിക്കളിക്കും
കൊച്ചരുവി പോലെ
വർണ്ണങ്ങൾ വാരി
വിതറും മഴവില്ല് പോലെ
മധുരസ്മരണയാം
എന്റെ ബാല്യകാലം

പച്ചവിരിച്ച പാടത്ത്
തിളങ്ങി നിൽക്കും
പൊൻകതിർ പോലെ
മാനത്ത് പാറിപറക്കും
പച്ചപനന്തത്തയെ പോലെ
ഗഗനത്തിൽ നിറശോഭയാം
പൂർണചന്ദ്രനെ പോലെ
ഉല്ലാസമീ ആമോദമീ
എന്റെ ബാല്യകാലം



*ബയ്യിന ഷാനവാസ്*

*9 സി*


# കാലം

ആയി അസ്ത്രഗണത്തിൽ കുത്തിനോവിക്കും
ധരിത്രിതൻ മാറിടത്തിൽ നിന്നും ഇറ്റു വീഴും
പാലമൃതിനായി വിളർക്കും കുഞ്ഞിളം
ചുണ്ടുപോൽ എന്തിനോ വേണ്ടി
തലങ്ങും വിലങ്ങും പായുന്ന മർത്ത്യാ നീ
ഓർക്കുക നിൻ ചെയ്തികൾ മൂലം
ഗഗനത്തിൽ കാരുണ്യവും
ഭൂമി ദേവികളുടെ കനിവും
നഷ്ടമാം പലവിധത്തിൽ  ലഹരിയെ
വാരിപ്പുണരുന്ന യൗവ്വനവും മാടിവിളിക്കും
ശവമഞ്ചത്തേയും അരുതെ മാനവാ
തിന്മയും സ്വാർത്ഥയും ഒരിറ്റു ജലത്തിനായി
കേഴും നിന്റെ പിൻഗാമികൾ



*ബയ്യിന ഷാനവാസ്*
*9 സി*

# വീട്ടുവളപ്പിലെ ഔഷധസസ്യ കൃഷി



വീട്ടാവശ്യങ്ങൾക്ക് അത്യാവശ്യമായ ഔഷധ സസ്യങ്ങൾ വീട്ടുവളപ്പിൽ നട്ടുവളർത്തുന്ന രീതി എല്ലാവരും ചെയ്യേണ്ടതാണ്. നമ്മുടെ ചുറ്റുപാടുകളിൽ വലുതും ചെറുതുമായ ഔഷധ സസ്യങ്ങൾ നമുക്ക് കണ്ടെത്തി പ്രത്യേകം നട്ടുവളർത്താവുന്നതാണ്. മുക്കുറ്റി, ചെറുള, ഉഴിഞ്ഞുതിരുതാളി, പൂവാംകുരുന്നില, കറുക, നിലപ്പന, വിഷ്ണുക്രാന്തി, കയ്യുണ്യം, മുയൽചെവിയൻ എന്നിവ വിവിധ തരം ഔഷധസസ്യങ്ങളാണ്. കഫക്കെട്ട്, പനി എന്നിവ മാറാൻ പനിക്കൂർക്ക വളരെ നല്ലതാണ്. നിരവധി രോഗങ്ങൾക്കുള്ള ഔഷധസസ്യമാണിത്. പനിക്കൂർക്കയുടെ നീര് ആന്റിബയോട്ടിക്കാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കരിഞ്ജാലിക്ക് ഔഷധഗുണമുണ്ട്. സൗന്ദര്യം പകരാനായി ചിലർ കസ്തൂരിമഞ്ഞൾ ഉപയോഗിക്കുന്നു. ഇത് ത്വക്കിന് നിറം പകർന്നു നൽകുന്നു. നിരവധി രോഗങ്ങൾക്കുള്ള ഔഷധമാണ് നെല്ലിക്ക. കഷണ്ടി, നര എന്നിവയെ തടയുന്നു. രക്തദൂഷ്യത്തിന് ആര്യവേപ്പ് വളരെ നല്ലതാണ്.

പ്രകൃതി മനുഷ്യന് നൽകിയ വരദാനമാണ് കറ്റാർവാഴ. ഔഷധങ്ങളുടെ കലവറ തന്നെയാണിത്. കുഴിനഖം, സൗന്ദര്യസംരക്ഷണം ഇവക്ക് നല്ലതാണ്. ബുദ്ധിവികാസത്തിന് ബ്രഹ്മി നല്ലതാണ്. ബുദ്ധിശക്തി, ഓർമ്മശക്തി എന്നിവ വർധിപ്പിക്കാനായി ഉപയോഗിക്കുന്നു. കുറുന്തോട്ടിക്ക് ഔഷധഗുണം ഏറെയുണ്ട്. തുളസിക്ക് ആരോഗ്യ സംരക്ഷണത്തിന് വളരെയേറെ പങ്കുണ്ട്.

മേൽപ്പറഞ്ഞ ഔഷധഗുണങ്ങളുള്ള സസ്യങ്ങൾ എല്ലാം ഓരോ വീട്ടുകളിലും നട്ടുവളർത്തുന്നത് ഇന്നത്തെ ജീവിത സാഹചര്യങ്ങളിൽ നമ്മുടെ ഓരോരുത്തരുടെയും ആരോഗ്യ സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ ഒന്നാണ്.

*-ദേവിക അശോക്*

*9 ബി*

# ആ മനുഷ്യന്

ആരാ......... രാമന്റെ വീട്ടിൽ ആരോ വന്നു. അവൻ കതകുതുറന്നു തന്റെ ഏറ്റവും പ്രിയപ്പെട്ട മുത്തച്ഛൻ ആണത്. അവന്റെ മനസ്സിനെ കൊതിപ്പിക്കുന്ന കഥകൾ മുത്തച്ഛൻ പറയാറുണ്ട്. അതിൽ അവന് ഏറ്റവും ഇഷ്ടപ്പെട്ടത് ആ മഞ്ഞുമലയിലെ കഥയാണ്. അങ്ങ് ദൂരെ കോടമഞ്ഞിനാൽ മിടിനിൽക്കുന്ന ആ മലയിൽ ഇളം വെയിൽ പൂക്കളെ തഴുകി നിൽക്കുകയാണ്. ചിരിച്ചുകൊണ്ടുനിൽക്കുന്ന ആകാശം. പച്ചപ്പരവതാനി വിരിച്ചതുപോലെയുള്ള പുൽമേടകൾ. അവന് ഈ അതിമനോഹരമായ മഞ്ഞുമലയിൽ പോകണമെന്ന് വലിയ ആഗ്രഹമാണ്. ഏന്നാൽ അവിടെ പോകണമെങ്കിൽ വണ്ടി വേണം. എന്നാൽ ഇതൊന്നുമല്ല അവന്റെ പ്രശ്നം പൈസയാണ്. തന്റെ അച്ഛൻ മരിച്ചതിനാൽ അവന്റെ കുടുംബത്തിന്റെ സ്ഥിതി വളരെ മോശമാണ്. തന്റെ പ്രിയപ്പെട്ട മുത്തച്ഛൻ വഴിയോരങ്ങളിൽ ഹാർമോണിയം വായിച്ചുകിട്ടുന്ന പൈസകൊണ്ടാണ് എല്ലാ ആവശ്യങ്ങളും നടക്കുന്നത്. എന്നാൽ അവന്റെ ജീവിതത്തെ മാറ്റിമറിച്ചത് ആ മനുഷ്യനാണ്. ഒരുനാൾ തന്റെ മുത്തച്ഛന്റെ കൂടെ ഹാർമോണിയം വായിക്കാനായി പോയി. അന്നാ മനുഷ്യൻ അവന്റെ കഴിവു മനസ്സിലാക്കി. അവനെ ഒരു പരിപാടിയിൽ കൊണ്ടുപോയി. അവിടുന്ന് അവന് കുറെ പണം കിട്ടി അവന്റെ കുടുംബത്തെ ദാരിദ്ര്യത്തിൽ നിന്ന് മെച്ചപ്പെട്ടരീതിയിലേക്കു മാറ്റി. തന്റെ ഏറ്റവും വലിയ ആഗ്രഹമായ മഞ്ഞുമലയിലേക്കുള്ള യാത്രക്ക് അതൊരു വഴിത്തിരിവായി. ദാരിദ്ര്യത്തിൽ നിന്നു രാമൻ ഇപ്പോൾ ഉന്നതിയുടെ വക്കിലെത്തി.

*– ആഷ്മിക എസ്*


*8 സി*

# രസതന്ത്രം

# ഉപ്പ്‌വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന മുട്ട

## ആവിശ്യമുള്ള സാധനങ്ങൾ

- ഗ്ലാസ്സ്
- ഉപ്പ്
- വെള്ളം
- മുട്ട



ഒരു ഗ്ലാസ്സിൽ പാദിയോളം വെള്ളം നിറക്കുക. അതിൽ ഒരു മുട്ടയിടുക, അപ്പോൾ മുട്ട മുങ്ങിപ്പോകും. അതിനു ശേഷം ഈ ഗ്ലാസ്സിൽ 4-5 സ്പൂൺ ഉപ്പിടുക. ഉപ്പ് അലിയുന്നതുവരെ ഇളക്കുക. അപ്പോൾ താഴെ കിടന്ന മുട്ട പൊങ്ങിക്കിടക്കും.

## കാരണം

ആദ്യം വെള്ളിത്തിൽ സാന്ദ്രത മുട്ടയെക്കാൾ കുറവായിരുന്നതിനാൽ മുട്ട വെള്ളത്തിൽ മുങ്ങപ്പോയി. അതിൽ ഉപ്പ് ചേർക്കുമ്പോൾ വെള്ളത്തിൻെറ സാന്ദ്രത കൂടും. മുട്ടയെക്കാളും വെള്ളത്തിൻെറ സാന്ദ്രത കൂടുമ്പോൾ മുട്ട വെള്ളത്തിൽ പൊങ്ങിക്കിടക്കും...........

സൂര്യനയന കെ ബി
7 സി

# വിനോദ യാത്ര



ഇന്നീ ലോകം യാത്ര തൻ കൂടാരം
ഇന്നീ ജീവിതമോ യാത്ര തൻ വിനോദം
വ്യത്യസ്ത ലോകങ്ങൾ കാണവേ...
അറിയുന്നു ഞാൻ യാത്ര തൻ ആമോദം

ഈ യാത്രയിന്ന് സുന്ദര കാഴ്ചതൻ
കളിർ കാറ്റിൻ ആസ്വാദനം
യാത്രയുടെ ഭംഗിയിൽ ഇന്നു ഞാൻ
ഉണർന്നു നടക്കവേ........

എന്റെ ജീവിത താളുകളിൽ
നിറഞ്ഞു നിൽക്കുന്ന പ്രതിഭാസമാം യാത്ര
നൊമ്പരം തൻ നനവൂർന്ന നാളിനെ
ആമോദ പൂക്കളാക്കിയ സുന്ദര യാത്ര

യാത്രയോ എന്നും വിനോദമേ
അനുഭവം തൻ ആശ്വാസ തണൽ മരം
വർണ്ണനയിൽ ഒതുങ്ങാത്ത അത്ഭുതമാം
അറിഞ്ഞാലും തീരാത്ത ആഗ്രഹമാം
നിറയുന്നുവെൻ ഹൃദയത്തിൽ

എത്ര നുകർന്നാലും മതിവരാത്ത
സ്വപ്നതുല്യമാം അനുഭവം തൻ
മധുരമേറുന്ന ജീവിതത്തിൻ യാത്ര
ഇന്ന് വിനോദത്തിന്റെ അത്ഭുത യാത്ര

*-ഫാഹിമ മുബാറക്ക്*
*9D*

# മുല്ലപ്പൂവിന്റെ നിറമെന്ത്?

മൂന്നാം ക്ലാസിൽ കണ്ണു കാണാത്ത ഒരു കുട്ടിയുണ്ടായിരുന്നു. എല്ലാവർക്കും അവളെ വളരെ ഇഷ്ടമായിരുന്നു. എല്ലാ കാര്യങ്ങളെക്കുറിച്ചും സംശയങ്ങൾ ചോദിക്കുകയും



നല്ലവണ്ണം പഠിക്കുകയും ചെയ്യുന്ന കുട്ടി. ഒരു ദിവസം ടീച്ചർ ആകാശത്തെക്കുറിച്ചുള്ള ഒരു കവിത പഠിപ്പിക്കുകയായിരുന്നു. നീല നിറമുള്ള ആകാശത്തിലൂടെ ഒഴുകുന്ന വെൺമേഘങ്ങളുടെ ഭംഗി ടീച്ചർ വർണ്ണിച്ചു. വെൺമേഘങ്ങൾ എന്നുപറഞ്ഞാൽ എന്താണ് ടീച്ചർ? കണ്ണു കാണാത്ത കുട്ടി ചോദിച്ചു . വെളുത്ത മേഘങ്ങൾ ആണ് വെൺമേഘങ്ങൾ ടീച്ചർ പറഞ്ഞു . എന്താണ് വെളുപ്പ് ? ടീച്ചർക്ക് ഉത്തരം മുട്ടി . മുല്ലപ്പൂവിന്റെ നിറമാണ് വെളുപ്പ് . ഒരു കൊച്ച് പറഞ്ഞു . എനിക്ക് ഒരു നിറം മാത്രമേ അറിയൂ ഇരുട്ടിന്റെ നിറം ,

അതു കറുപ്പാണ്..... അവളുടെ കണ്ണുകൾ നിറഞ്ഞു . ടീച്ചർ അവളുടെ അരികിൽ വന്ന് കെട്ടിപ്പിടിച്ച് ഒരു ചുംബനം നൽകി. ഇതാണ് വെളുപ്പ്. കൂട്ടുകാരിയുടെ പുഞ്ചിരിയുടെ നിറം, മുല്ലപ്പൂക്കളുടെ നിറം ..... ടീച്ചർ പറഞ്ഞു.

ഓ, മനസ്സിലായി, സ്നേഹത്തിന്റെ നിറമാണ് വെളുപ്പ്.

*-സനിയ*

*9c*

# ചിന്നുക്കുട്ടിയും അമ്മ മാവും



മഴത്തുള്ളികൾ അമ്മ മാവിന്റെ ഇലകളിൽ വീഴുന്ന ചറപറ ശബ്ദം കേട്ടാണ് ചിന്നുക്കുട്ടി ഉറക്കമുണർന്നത്. കണ്ണും തിരുമ്മി ജനലിലൂടെ നോക്കിയപ്പോൾ അമ്മമാവ് നനഞ്ഞുനിൽക്കുവാ. ചിന്നുവിനാകെ വിശമമായി. മഴയിത്തിരി കുറഞ്ഞപ്പോൾ ചിന്നു കുടയും ചൂടി അമ്മ മാവിനടുത്തെത്തി. കണ്ണുംപ്പൂട്ടിനനഞ്ഞുകുതിർന്നുനിന്ന അമ്മ മാവിനെ തോണ്ടി വിളിച്ചിട്ട് ചിന്നു ചോദിച്ചു .അമ്മേ ,ആകെ നനഞ്ഞല്ലോ! പനീം ജലദോഷോം വരില്ലേ? ഈ മഴയത്ത് തന്റെ സുഖമന്വേഷിക്കാൻ വന്ന ചിന്നുടെ നിഷ്കളങ്കതയോർത്ത് മനം നിറഞ്ഞ് അമ്മ മാവ് പറഞ്ഞു . എന്റെ പൊന്നുചിന്നുക്കുട്ടി ,എനിക്ക് പനീം ജലദോഷോമൊന്നും വരില്ല കേട്ടോ. വിശ്വാസം വരാതെ ചിന്നു പറഞ്ഞു . ഇതൊക്കെ ഞാനം അമ്മയോട് പറഞ്ഞുനോക്കിയതാ അമ്മപറഞ്ഞു മഴ നനഞ്ഞാൽ പനീം ജലദോഷോം വരുംന്ന് . ചിലപ്പോൾ ചൊമേം വരും . അതുകൊണ്ട് ദാ വേഗം അമ്മ തലതോർത്തിക്കേ കുഞ്ഞുകയ്യിൽ ഒളിച്ചുപിടിച്ചിരുന്ന വെള്ളതോർത്ത് ചിന്നു അമ്മ മാവിന നേരേ നീട്ടി , ചിന്നുവിന്റ സ്നേഹവും കരുതലും കണ്ട് കണ്ണും മനസ്സും നിറഞ്ഞ് അമ്മ പറഞ്ഞു . ചിന്നുക്കുട്ടിയുടെ ഈ സ്നേഹം മതി. അമ്മയ്ക്ക് പനിം ജലദോഷോം വരാതിരിക്കാൻ . അമ്മയൊരു മരമല്ലേ ? മരങ്ങൾ മഴയും വെയിലും കൊണ്ടാണ് വളരുന്നത് . വെള്ളവും വെയിലുമാണ് മരങ്ങളുടെ ആരോഗ്യത്തിന്റെ രഹസ്യം . ഇനിയാതോർ ത്തിങ്ങു തന്നേ കൈനീട്ടി തോർത്ത് വാങ്ങി, ചിന്നൂടെ തലതോർത്തികൊണ്ട് അമ്മ മാവ് പറഞ്ഞു . പക്ഷേ ചിന്നു തല തോർ ത്തിയില്ലേൽ പനിം ജലദോഷോം വരും . ചിന്നുവിനേ കാണാതെ അമ്മ വിളിച്ചു അമ്മ മാവിനോട് യാത്ര പറഞ്ഞ് ചിന്നു വീടിനള്ളിലേക്ക് കയറിപ്പോയി .

*ഫാത്തിമ അൻഷാദ്*
*9 എ*

# മഴ മറഞ്ഞ മാനം

ഇടവപ്പാതിതൻ കുളിർ തുള്ളി തേടി ഞാൻ
വീടിൻ ജനാല തുറന്നുനോക്കി
നീലാകാശത്ത് കത്തി ജ്വലിക്കുന്ന
ആദിത്യനെന്നെ തുറിച്ചുനോക്കി
മുറ്റത്തിറങ്ങി ഞാൻ മണ്ണിൽ കാൽവെച്ചു
അയ്യോ പൊള്ളി തിരിച്ചെടുത്തു
വറ്റി വരണ്ട ഭൂമിതൻ തേങ്ങൽ
മുള്ളുപോൽ ഹൃത്തിൽ തുളച്ചിറങ്ങി
ദാഹിച്ചുവലഞ്ഞൊരാ പുഴയുടെ
നിലവിളി കാതുകളിൽ ഇന്നും മുഴങ്ങിനിൽപ്പു.

ആകാശഗോപുര അറകളിലെവിടെയോ മഴ-
ദേവനെന്തേ മയങ്ങി പോയോ?
നീർവറ്റുംകണ്ണുകൾക്കാശ്വാസമേകുവാൻ
കാറ്റുപോലും എത്താത്തതെന്തെ
ഒരു തുള്ളി വെള്ളത്തിനായിക്കരയുന്ന
പൈതങ്ങളെ നിങ്ങൾ കണ്ടതില്ലേ
നീന്തിക്കളിച്ചൊരാ ആറുകളും
മുങ്ങാംക്കുഴിയിട്ട പുഴകളും
മീനുപിടിച്ചുനടന്നൊരാ നദികളും
എല്ലാമെല്ലാം ഇന്ന് സ്വപ്നം മാത്രം
മഴയേ നീ വരിക

മാനത്തിൻ മടിത്തട്ടിൽ നിന്ന്
ഒരു തുള്ളിയായി നീ വഴുതിവന്നീടുക
ദാഹിക്കും മണ്ണിലേക്ക്
മഴയേ നീ വരിക
നിൻ മണിമുത്ത് പൊഴിക്കു
വരണ്ടുവിണ്ട ഭൂമിക്കാശ്വാസമായി
നിനക്കായി എന്റെ ആനന്ദവീണകൾ
കാത്തിരിക്കുന്നു നീ വേഗം വരിക

*- ജെന്ന മേരി ജിജൻ*
*9c*

# ലഹരി എന്ന മായാലോകം

ഇന്ത്യയിൽ ഇന്ന് ഏകദേശം അറുപതുലക്ഷത്തിലധികം പേർ മയക്കമരുന്നിന് അടിമകളായിതീർന്നിരിക്കുന്നു. അതുപോലെ തന്നെ രാജ്യത്തു നടക്കുന്ന പല അക്രമ സംഭവങ്ങളുടെയും പിന്നിൽ മയക്കമരുന്നിന്റെ സ്വാധീനം ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. സമ്പന്നമായ രാജ്യങ്ങളിലായിരുന്നു ആദ്യം മയക്കമരുന്നിന്റെ ഉപയോഗം കണ്ടെത്തിയിരുന്നത്. പക്ഷേ ഇന്ന് അത് ഇന്ത്യയിലും വ്യാപിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ ഇടയിലാണ് ഇപ്പോൾ മയക്കമരുന്ന് വിൽപന ഏറ്റവും കൂടുതൽ ആയി നടക്കുന്നത്. ഒരിക്കിലും പിന്നെ മോചനം നേടാനാകാത്ത ഒരു സ്ഥിതിയിൽ അവർ എത്തിച്ചേരും. പതിയെ പതിയെ ലഹരിക്ക് അടിമകളായവർ മാനസികരോഗികളായി മാറും.

ആദ്യമൊക്കെ ഒരു ഹോബി പോലെയാണ് ആളുകൾ ലഹരി ഉപയോഗത്തെ കാണുന്നത്. പക്ഷേ കുറച്ചുനാൽ കഴിയുമ്പോൾ ലഹരിയില്ലാതെ അവർക്ക് ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ കഴിയില്ല എന്നൊരു അവസ്ഥയിൽ അവർ എത്തിച്ചേരും.

മയക്കമരുന്ന് വിൽ-പന നടത്തുന്നതും ഉപയോഗിക്കുന്നതും കുറ്റകരമാണെന്ന് നിയമത്തിൽ വ്യവസ്ഥചെയ്തിട്ടുണ്ട്.

# താരാപഥം

നക്ഷത്രങ്ങൾ , നക്ഷത്രാവശിഷ്ടങ്ങൾ , നക്ഷത്രാന്തരീയ മാദ്ധ്യമം , വാതകങ്ങൾ , പൊടിപടലങ്ങൾ , തമോദ്രവ്യം എന്നിവയെലാം ചേർന്ന് അത്യധികം പിണ്ഡമേറിയതും ഗുരുത്വാകർഷണ ബന്ധിതവുമായി തീർന്ന വ്യൂഹമാണ് താരാപഥം അഥവാ ഗാലക്സി .


shutterstock.com · 1717095772

ക്ഷീരപഥത്തെ സൂചിപ്പിക്കാനുപയോഗിച്ചിരുന്ന പാലുപോലുള്ള എന്നർഥം വരുന്ന "ഗാലക്സിയാസ് " എന്ന പദത്തിൽ നിന്നാണ് ഗാലക്സി എന്ന ഇംഗ്ലീഷ് വാക്ക് ഉരുത്തിരിഞ്ഞത് . ഒരുകോടിയോളം നക്ഷത്രങ്ങൾ അടങ്ങുന്ന കുള്ളൻ ഗാലക്സികൾ തൊട്ട് ഒരു ലക്ഷം കോടി ലക്ഷത്രങ്ങൾ അടങ്ങുന്ന അതിസ്ഥൂല ഗാലക്സികൾവരെ പ്രപഞ്ചത്തിലുണ്ട് .

താരാപഥത്തിലെ നക്ഷത്രങ്ങളെല്ലാം അതിന്ടെ പിണ്ഡകേന്ദ്രത്തെ ചുറ്റിസഞ്ചരിക്കുന്നു . നമ്മുടെ ഭൂമിയും ഉൾപ്പെടുന്ന സൗരയൂഥം , ക്ഷീരപഥം എന്ന താരാപഥത്തിലാണ് സ്ഥിതിചെയ്യുന്നത് .

*- ലക്ഷ്മി സന്തോഷ്*

8 ഡി

# കേരള ശില്പകല

കേരളത്തിനുമുണ്ട് മഹത്തായ ശില്പകലാപാരമ്പര്യം ഗുഹകളിലെ ചുമരുകളിൽ



കോറിയിട്ടുതുടങ്ങിയ ആ കലയിൽ പിന്നീട് ഏറെ പരിഷ്കാരങ്ങൾ വന്നു. കേരളത്തിലെ ശില്പകലാ പാരമ്പര്യം തമിഴകവുമായി ബന്ധപ്പെട്ടിരിക്കുന്നു. മധ്യ-തെക്കുഭാഗങ്ങളിൽ തമിഴകപാരമ്പര്യവും വടക്കുഭാഗത്തേക്ക് തുളു നാടൻ ശില്പകലയുടെ സ്വാധീനവും കാണാം.

ശില്പകലയിൽ വിഗ്രഹനിർമാണത്തിനാണ് കൂടുതൽ പ്രചാരമുണ്ടായിരുന്നത്. അവ ക്ഷേത്രങ്ങളിൽ മാത്രമല്ല കോവിലകങ്ങളിലും ഒക്കെ കാണാവുന്നതാണ്. ശില്പകല പുരാതനകാലം മുതൽ പൊതു ഇടങ്ങളിൽ ഇടം പിടിച്ചിരുന്നു. അതിനുള്ള ഉദാഹരണമാണ് ഭാരതപ്പുഴയുടെ തീരത്തുകാണുന്ന തമിഴകപാരമ്പര്യം തുടിക്കുന്ന കുതിരകളുടെയും ആനകളുടെയും നായ്ക്കളുടേയും മനുഷ്യരുടെയും മറ്റും രൂപങ്ങൾ.

പുരാതനമായ ഈ പാരമ്പര്യ ശില്പകല പിന്നീട് ആധുനികരൂപത്തിലേക്ക് കടന്നു. അതിന് വലിയ സംഭാവന നൽകിയത് മദ്രാസ് സ്കൂൾ ഓഫ് ആർട്സ് ആയിരുന്നു.കാനായി കുഞ്ഞിരാമൻ, ആർ ട്ടിസ്റ്റ് നമ്പൂതിരി,വരിക്കാശേരി കൃഷ്ണൻ നമ്പൂതിരിപ്പാട് തുടങ്ങി പ്രഗത്ഭർ അവിടെ നിന്ന് പഠിച്ചിറങ്ങി കേരളീയ ശില്പകലാപാരമ്പര്യത്തെ അതിസമ്പന്നമാക്കി. ഇന്ന് ശില്പകല തൊഴിലാക്കിയവർ നിരവധിപേരുണ്ട് കുന്ദംകുളത്തെ കുറുക്കൻപാറ, കോട്ടയം എന്നിവടങ്ങളിലും കരിങ്കല്ലിൽ വിസ്മയങ്ങൾ തീർക്കുന്നവരെ കാണാം

*സാനിയ സാബു*

*9 ഡി*

# നീലക്കുറിഞ്ഞി വസന്തം

പശ്ചിമ ഘട്ടങ്ങളുടെ ഉയർന്ന പ്രദേശങ്ങളായ പുൽമേട്ടുകളും ഷോലക്കാടുകളിലും കാണപ്പെടുന്ന ഒരു പുഷ്പിത സസ്യമാണ് കുറിഞ്ഞി. കുറിഞ്ഞി വിഭാഗത്തിൽ നാൽപതോളം സസ്യജനങ്ങൾ ഉണ്ടെങ്കിലും സ്ട്രോബിലാന്തസ് കുന്തിയാന എന്നു വിളിക്കുന്ന നീലകുറിഞ്ഞിയാണ് സമൃദ്ധവും ഏറ്റവും പ്രമുഖവും.പന്ത്രണ്ടു വർഷത്തിൽ ഒരിക്കൽ പൂക്കുന്ന ഈ കുറ്റിച്ചെടി മൂന്നാർ മലനിരകളുടെ പ്രതീകമായി കഴിഞ്ഞു.



നീലഗിരിക്കുന്നുകളിലും കൊഡൈക്കനാൽ മേഖലയിലും നീലക്കുറിഞ്ഞികൾ സമൃദ്ധമായി നിലവിൽ വന്ന ഇരവികുളം ദേശീയോദ്യാനവുമായി ഇവിടം ഇഴ പിരിയാത്ത വിധം ബന്ധപ്പെട്ടു കഴിഞ്ഞു മൂന്നാർ –നീലക്കുറിഞ്ഞിയുടെ സ്വർഗ്ഗലോകം. എന്നതു ഒരു അപരനാമമായി മാറിക്കഴിഞ്ഞു. കുറിഞ്ഞി പൂക്കും കാലത്തും അല്ലാത്തെ സമയത്തും മൂന്നാറിന്റെ പുൽമേട്ടുകളും മലനിരകളും സന്ദർശകർക്ക് എന്നും പ്രിയപ്പെട്ടതാണ്.

*അമൃത റെണ്ണി കുമാർ*
*9 ഡി*

# ജാലിശൃംഖലയുടെ [ഇന്റർനെറ്റ്] ചരിത്രം

1957 ലെ റഷ്യൻ വാർത്തവിനിമയ ഉപഗ്രഹമായ സ്പുട്നിക്കിന്റെ വിക്ഷേപണം അമേരിക്കൻ ഐക്യനാടിന് ഒരു വെല്ലുവിളിയായിതീരുകയും അവരുടെ പ്രതിരോധാവശ്യങ്ങൾക്കുള്ള ഗവേഷണസ്ഥാപനമായ അർപ്പ അഡ്വാൻസ്ഡ് റിസർച്ച് പ്രാജെക്ക്റ്റ് ഏജൻസി 1969 ൽ അർപ്പാനെറ്റ് എന്ന നെറ്റ്വർക്കിന് രൂപം കൊടുക്കുകയുണ്ടായി ഇതിന്റെ ഉദ്ദേശം യഥാർത്ഥത്തിൽ അമേരിക്കൻ ഐക്യനാട്ടുകളിലെ മാത്രം സൈനികപരമായ നേട്ടങ്ങൾ ആയിരുന്നു. ഒരു കടിയേറ്റവാണിജ്യരാജ്യമായ അമേരിക്കൻ ഐക്യനാട്ടുകൾ അവരുടെ വാണിജ്യപരമായ നേട്ടങ്ങൾക്ക് അർപ്പനെറ്റിനെ ഉപയോഗിക്കുവാൻ തുടങ്ങി. 1983 ൽ അർപ്പനെറ്റ്; മിൽനെറ്റ്, അർപ്പനെറ്റ് എന്നിങ്ങനെ രണ്ടായിമാറി മിൽനെറ്റിനെ മിലിട്ടറിനെറ്റ്വർക്ക് എന്നു വിളിക്കാറുണ്ട്. അതുപോലെ തന്നെ അർപ്പനെറ്റിന് ഡാർപ്പ എന്ന തരംതിരിവ് ഉണ്ട്. ഡാർപ്പ എന്നു വെച്ചാൽ ഡിഫൻസ് അഡ്വാൻസ്ഡ് റിസർച്ച് പ്രൊജെക്റ്റ് ഏജൻസി ആകുന്നു. അർപ്പനെറ്റിനെ മാർച്ച് 11, 1996 ഡാർപാനെറ്റ് ആക്കുകയും ചെയ്തു.



ഡാർപാനെറ്റിന്റെ വാണിജ്യവൽക്കരണം തൊണ്ണൂറുകളുടെ മദ്ധ്യത്തോടെ,വാണിജ്യവൽക്കരിക്കപെടുകയും,കൂടുതൽ പ്രയോഗത്തിൽ വരുകയും മറ്റുള്ള രാജ്യങ്ങളിൽ പ്രബല്യത്തിൽ വരുകയും ചെയ്തു തുടർന്ന് മറ്റു രാജ്യങ്ങളിലേക്ക് വ്യാപിക്കുകയും കൂടുതൽ സാങ്കേതിക വിദ്യകൾ കണ്ടുപിടിക്കുകയും ചെയ്തു. ഇത് ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന നെറ്റ്വർക്കിന് കാരണമാവുകയും ഇണയദളംതിന് വഴിതെളിയുകയും ചെയ്തു. അങ്ങനെ ഇന്ന് കാണുന്ന ഇണയദളം ഉണ്ടാകുകയും ചെയ്തു.
ഒക്ടോബർ 28 പല രാജ്യങ്ങളിലും ഇന്റർനെറ്റ് ദിനമായി ആഘോഷിക്കുന്നു.

*ദിയ ദീപക്*
*9 ഡി*

# ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വിദ്യാർത്ഥികളിൽ

മനുഷ്യനെ നിത്യ ദുഃഖത്തിലേക്കും അകാല മരാണത്തിലേക്കും കൊണ്ടെത്തിക്കുന്ന ഒരു വസ്തുവാണ് ലഹരി. ഇന്ന് സമൂഹത്തിൽ ഇവ എത്രമാത്രം സ്വാധിനിക്കപ്പെട്ടിരിക്കുന്നുവോ അത്രത്തോളം അപകടകരമായ  അവസ്ഥയിലാണ് ഇന്ന് മനുഷ്യർ. വിദ്യാർത്ഥി സമൂഹമാണ് ഈ ഊരാകുടുക്കിൽ കൂടുതലും കുരുങ്ങുന്നത് ഇവ ഉപയോഗിക്കുന്നത് അന്തസ്സിന്റെ ചിഹ്നമായി ഒരു കൂട്ടർ കാണുന്നെങ്കിലും മറ്റൊരു കൂട്ടർക്കിത് മനസ്സിന്റെ പക്വതയില്ലായ്മയുടെ അനന്തരഫലമാണ് മദ്യത്തിനും മയക്കമരുന്നിനും അടിമയാകുന്നവരിൽ ശരീര പ്രതിരോധശേഷി നഷ്ട്മാവുകയും കരൾ,തലചോർ തുടങ്ങിയ ആന്തരികാവയവങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യും മാത്രവുമല്ല കുടുംബഭദ്രതയെ മദ്യം കൊണ്ടുള്ള വിപത്തുകൾ സാരമായി ബാധിക്കുകയും ചെയ്യും .



ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കരുതെന്ന് ഉപദേശിക്കുന്നവരെ പുച്ഛിക്കുന്ന സമൂഹത്തെയാണ് നാമിന്ന് കാണുന്നന്നത് സ്വന്തം കുടുംബത്തെപോലും  ഇല്ലാതാക്കാൻ യാതൊരു മടിയും ഇക്കൂട്ടർക്ക് ഇല്ല .ലഹരി വസ്തുക്കൾ ഉപയോഗിക്കരുതെന്ന് മഹാൻമാർ ഉപദേശിക്കാറുണ്ട് മദ്യനിരോധം മനുഷ്യനന്മക്കും രാഷ്ട്ര പുരോഗതിക്കും അത്യതോപേക്ഷിതമാണെന്ന് രാഷ്ട്ര പിതാവായ ഗാന്ധിജി ഉദ്ബോധിപ്പിച്ചിരിക്കുന്നു ഇന്ത്യയുടെ മുഴുവൻ ഭരണാധികാരിയായി താൻ അവരോധിക്കപ്പെട്ടാൽ ആദ്യം ചെയ്യുക നാട് ഒട്ടാകെയുള്ള മദ്യഷോപ്പുകൾക്കു നഷ്ട്പരിഹാരം കൊടുക്കാതെ നിർത്തലാക്കും എന്നാണ് ഗാന്ധിജി പറഞ്ഞത്  "കള്ളുണ്ടാക്കരുത് ,കൊടുക്കരുത്,കുടിക്കരുത്" എന്ന് നാരായണ ഗുരു ഉറക്കയും ഉറപ്പിച്ചും പറഞ്ഞിരുന്നു എന്നാൽ എത്ര ഉപദേശിച്ചിട്ടും നേർവഴിക്ക് നടക്കാത്തവരെ നിയമം മൂലം തടയുക തന്നെ വേണം നിയമത്തേമറികടക്കാനുള്ള മനുഷ്യരുടെ വ്യഗ്രതയും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളും നാടിനും ഗവൺമെന്റിനും തലവേദനകൾ സൃഷ്ടിക്കും .

പെറ്റുവളർത്തിയ മാതാപിതാക്കളെ കുറിച്ചു പോലും ഓർക്കാതെ അവരെ വിഷമിപ്പിച്ച് ലഹരിക്ക് അടിമയായി അവരെ തന്നെ കൊല്ലുന്നു വിദ്യാർത്ഥിനികളിൽ വ്യാപിക്കുന്ന ലഹരിവസ്തുക്കൾ. അവരുടെ ഭാവിയെ തന്നെ നശിപ്പിക്കുന്നു വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലക്ഷ്യമാക്കിയും ഒളിഞ്ഞും തെളിഞ്ഞും കൗമാരക്കാരായ വിദ്യാർത്ഥികളെ ലക്ഷ്യമാക്കിയും ലഹരിപദാർത്ഥങ്ങൾ വിൽപ്പന നടത്തുന്ന റാക്കറ്റുകൾ കടന്നാക്രമിക്കുന്നത് ഇന്ന് വൻ വിപത്തായി മാറിയിരിക്കുന്നു. ഈ അവസ്ഥകൾക്ക് പരിഹാരം കാണാൻ സർക്കാരും വിദ്യാലയകലാലയ അധികൃതരും കർശന നിയന്ത്രണങ്ങൾ പാലിക്കേണ്ടതാണ്.ചുരുക്കത്തിൽ മദ്യവും മയക്കമരുന്നുകളും ഇല്ലാത്ത ഒരു ഇന്ത്യ ചൈതന്യമുള്ള ഒരു ജനത അതാവണം നമ്മുടെ ലക്ഷ്യം.

ലിന്റാ സൂസൻ ജോണ്
9 ഡി

# മേരി കോം



ഇന്ന് ഇന്ത്യയിലെ ഏറ്റവും ജനപ്രിയ ബോക്സർമാരിൽ ഒരാളാണ് മേരി കോം .1983 മാർച്ച്1 ന് മണിപ്പൂരിലാണ് ജനനം. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയുടെ ഉറച്ച സ്വർണ്ണ പ്രതീക്ഷയായിരുന്നു മേരി കോം.ആ പ്രതീക്ഷ മേരി കോം സഫലമാക്കി. മേരി കോമിന്റെ ആദ്യ സ്വർണ്ണം.ബോക്സിംഗ് തെരഞ്ഞെടുക്കാൻ തീരുമാനിച്ചതോടെ വീട്ടുകാരുടെ എതിർപ്പും ശക്തമായി പക്ഷെ ഒന്നിന് മുന്നിലും കീഴടങ്ങാൻ മേരി തയ്യാറായിരുന്നില്ല .മണിപ്പൂരിന്റെ സംസ്ഥാന ബോക്സിംഗ് പരിശീലകനായ നർജിത് സിങ്ങിന്റെ കീഴിലായിരുന്നു പരിശീലനം. 2005-ൽ ആയിരുന്നു മേരികോമിന്റെയും ഓൺലർകോമിന്റെയും വിവാഹം.അഞ്ച് തവണയാണ് മേരി കോം വനിതകളുടെ ലോക ബോക്സിംഗ് ചാമ്പ്യനായത്.2012 -ലെ ലണ്ടൻ ഒളിംപിക്സിൽ ഇന്ത്യയ്ക്ക് വെങ്കല മെഡൽ സമ്മാനിച്ചു . പത്മഭൂഷണ്,ഖേൽരത്ന പുരസ്കാരം എന്നിവ ലഭിച്ചു. മേരികോമിന്റെ ജീവിതകഥ അവരുടെ അതേപേരിൽ സിനിമയാക്കിയിട്ടുണ്ട്.

*ലെറ്റീഷ്യ മരിയ സേവ്യർ*
*9 ഡി*

# കീഴാർനെല്ലി

സാധാരണ വയൽ പ്രദേശങ്ങളിലും നീർവാഴ്ച്ചയുള്ളതുമായ പ്രദേശങ്ങളിൽ കാണപ്പെടുന്ന ഒരു ഔഷധമാണ്. മരുഭ്രപ്രദേശത്ത് സുലഭമായി കണ്ടു വരുന്നു.



ഇത് ഫില്ലാന്തേസീ കുടുംബത്തിലെ ഒരു അംഗമാണ് കീഴാർനെല്ലി. ശാഖകളോട് കൂടിയതും തണ്ടിന് പച്ച, ചുവപ്പ് എന്നീ നിറങ്ങളിലും കാണപ്പെടുന്ന ഒരു ഔഷധമാണിത്. മലയാളത്തിൽ കിരുട്ടാർ നെല്ലി എന്ന പേരിലും അറിയപ്പെടുന്നു. ഇവയുടെ ഇലകൾ തണ്ടിൽ നിന്നും മാറി ശാഖകളിൽ രണ്ട് വശങ്ങളിലായ് കാണപ്പെടുന്നു. ഇലയ്ക്ക് വെള്ള കലർന്ന പച്ച നിറമോ, കടും പച്ച നിറമോ ആയിരിക്കും. വളർന്ന് കഴിയുമ്പോൾ ഇലകളുടെ അടിയിലായി മഞ്ഞ കലർന്ന പച്ച നിറത്തിലുള്ള പൂക്കളുണ്ടാകുന്നു .

മഞ്ഞപ്പിത്തം, പനി എന്നിവയ്ക്ക് കീഴാർ നെല്ലി ഔഷധമായി ഉപയോഗിക്കുന്നു. കീഴാർ നെല്ലിയിൽ അടങ്ങിയിരിക്കുന്ന ഫിലാന്തിൻ; ഹൈപ്പോ ഫിലാന്തിൻ എന്നീ രാസവസ്തുക്കളാണ് മഞ്ഞപ്പിത്തം കുറയ്ക്കാൻ കാരണമാകുന്ന ഘടകങ്ങൾ. കീഴാർ നെല്ലി എണ്ണ കാച്ചി ഉപയോഗിക്കുന്നത് തലമുടി വളരാൻ ഉത്തമമാണ്.

– ആൻമരിയ ബോബി

9 സി

# അരുണിമ സിൻഹ



എവറസ്റ്റ് കൊടുമുടി കിഴടക്കിയ ആദ്യ വികലാംഗയാണ് അരുണിമ സിൻഹ. 2014 ൽ പത്മശ്രി പുരസ്കാരം ലഭിച്ചു.ദേശിയ തലത്തിൽ ശ്രദ്ധ നേടിയ ഒരു വോളിബോൾ കളിക്കാരി കൂടിയാണ് അരുണിമ. ഉത്തർപ്രദേശിലെ അംബേദ്കർ നഗറിലാണ് അരുണിമ സിൻഹ ജനിച്ചത്.

ദേശിയ വോളിബോൾ കളിക്കാരിയായിരുന്ന അരുണിമയ്ക്ക് 2011 എപ്രിൽ 12 ന ഒരു ട്രെയിൻ യാത്രയ്ക്കിടയിൽ സാമൂഹ്യവിരുദ്ധർ പുറത്തേയ്ക്ക് തള്ളിയിട്ടതുമൂലമുണ്ടായ അപകടത്തിൽ, ഇടതുകാൽ മുട്ടിനു താഴെ വച്ച് മുറിച്ചുമാറ്റേണ്ടിവന്നു. മുറിച്ചു മാറ്റപ്പെട്ട കാലിന് പകരം, കൃത്രിമകാൽ വച്ചു പിടിപ്പിച്ചു.

ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ചികിത്സയിലിരിക്കവേയാണ് എവറസ്റ്റ് കൊടുമുടി കയറാനുള്ള തീരുമാനം അരുണിമ എടുക്കുന്നത്. ക്യാൻസർ രോഗത്തെ പ്രതിരോധിച്ച് തിരികെ കളിക്കളത്തിലേക്ക് വന്ന ഇന്ത്യൻ ക്രിക്കറ്റ് താരമായ യുവരാജ് സിങായിരുന്നു അരുണിമയുടെ പ്രചോദനം.എവറസ്റ്റ് കൊടുമുടി കീഴടക്കിയ ആദ്യ ഭാരതീയ വനിതയായ ബചേന്ദ്രി പാലിന്റെ സഹായവും അരുണിമ തേടി.

2019 ജനുവരി 4 ന് അൻറ്റാർട്ടിക്കയിലെ എറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് വിൻസൺ കീഴടക്കിയ ആദ്യത്തേ ഭിന്നശേഷിക്കാരിയെന്ന പദവിയും അരുണിമ സ്വന്തമാക്കി.

– മാളവിക ജയകുമാർ

9 ഡി

# എന്റെ കേരളം

കേരളനാടേ കേരളനാടേ
കേൾവിയെഴുന്നി, ഗേഹം
കേരളമെന്നുടെ കരളുനിറച്ച
കേരളപൊലിമതൻ ജാലം
കോമളരൂപികൾ പൂവും തളിരും
കോട്ടചമച്ചൊരു ദേശം

പാലരുവികളും കൈത്തോടുകളും
പാലലപൊഴിക്കും രാവും
കുരുവികൾ, കുറുമൊഴിമൈനകളങ്ങനെ
ഉരുവിട്ടുമേതോ ഗിതം.



ചിങ്ങപ്പൂലരികൾ ഓണത്തുമ്പികൾ
കിങ്ങിണി ചാർത്തി മേഘം
കേൾക്കുക യാനന്ദത്തിൻ പൂരം .

ഷെഹറാന എം എം
7 ബി

# പ്രാണസഖി

*കാലമാം കടത്തു തോണിയിൽ*
*നാം ഒന്നായിതുഴഞ്ഞ നേരം*
*നിന്റെ ആ ഓർമ്മക്കൾക്കപ്പുറം*
*വേറെന്തുവേണം എൻ ഓമലാളേ*

*മരണത്തിനുപോലും നമ്മെ അകറ്റുവാൻ*
*ആവുകയില്ലെൻ ഓമലാളേ നീ എന്റെ -*
*തുമാത്രം എൻ പ്രാണസഖിയേ*
*എൻ പ്രാണസഖിയേ*

*നേഹ മനു*
*6 എ*

# എൻ സഖി

മനസ്സിന്റെ ജാലകവാതിലിൽ നിന്നുനീ
മിഴിയിടറാതെ നോക്കിയില്ലെ
എന്നെ നീ നോക്കിയില്ലെ
മമസഖി നീ ........
മമസഖി നീ എന്റെ പ്രാണനായി
മാറുംനേരം എന്റെ ഈ ജീവിതം ധന്യമായി
മായുവാനൻ ആകുമോ എന്നിൽ നിന്നും




മറക്കുവാൻ ആക്കുമോനിൻ ഓർമ്മകൾ
എൻ പ്രാണനിൽ പാതിയായി നീ ഇന്നും

മമസഖി നീയെങ്ങുപോയ് മറഞ്ഞു
മമസഖി നീയെങ്ങുപോയ് മറഞ്ഞു

-മരിയ റോസ് റോയി
9 എ

# ജീവനെ തകർക്കുന്ന ജീവനുകൾ

*വഴിയോരത്താരെയോ കാത്തിരിപ്പിൻ,*
*ഇതാ കുഞ്ഞുകുരുന്നൊരു മുള്ളങ്കായ്...*
*മനുജൻ തൻ ശരീരം കീഴടക്കി,*
*പ്രപഞ്ചരാജാവായ് അവൻ*
*മാറുകയാ..*
*ഭീകരമാമവനെ ഉരുക്കുവാൻ,*
*നമുക്ക് കഴിയില്ല എന്നു തോന്നി*



*എങ്കിലും അവനെ*
*തകർത്തെറിയാൻ,*
*വെള്ളക്കുപ്പായക്കാർ നോക്കിടുന്നു*
*ഐക്യത്തോടെനാം*
*ഒത്തുനിന്നാൽ,*
*വിജയിക്കു എന്നത് നിശ്ചയമാണ്...*

*മാസ്കിട്ട്, ഗ്യാപ്പിട്ട്, സോപ്പിട്ട്*
*തുരത്താം ആ ഭീകര ശത്രുവിനെ*
*ഐക്യമനസ്സിൽ ചങ്ങലയെ*
*പൊട്ടിക്കുവാൻ അവന് സാധിക്കുമോ?*

*- നൈഫാ നജീം*

*9 ബി*

# ആത്മബലത്തിന്റെ വിജയം

***കാടും തോടും മേടും നിറഞ്ഞ സുന്ദരമായ ഒരു കൊച്ചു ഗ്രാമം. അവിടെ കഷ്ടിച്ച് പത്ത് പതിനൊന്ന് വീടുകളാണുള്ളത്. ആ നാട്ടിൽ എല്ലാവർക്കുമായി ഒരു കിണറാണുള്ളത്. അവിടെ സ്കൂളോ ആശുപത്രിയോ ഇല്ല.അതുകൊണ്ട് തന്നെ ആ നാട്ടിലെ ജനങ്ങൾ അടുത്തുള്ള നഗരത്തിലെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിയാണ് ജീവിച്ചിരുന്നത്.അവിടെ ആ കൊച്ചു നാട്ടിൽ ഒരു പെൺകുട്ടിയുണ്ടായിരുന്നു. ഒരു കാൽ നഷ്ടപ്പെട്ട ഒരു പെൺകുട്ടി.എന്നാൽ ഓട്ടത്തിൽ മെഡൽ നേടിയ വിൽമ റൂഡോൾഫിനെ അവൾ തന്റെ ആചാര്യയായി കണ്ടു. അവരെപ്പോലെയാകാൻ ആഗ്രഹിച്ചു. അവർക്കു കാലില്ല എന്നാൽ ആ പ്രതിസന്ധിയെ മറികടന്ന് അവൾ എത്തിയതെവിടെ? അങ്ങനെയെത്താൻ തനിക്കുമൊരാഗ്രഹം.***

***അതുതന്നെയാണ് അവളുടെ ഉള്ളിലെ ചെറിയ ജ്വാല ഒരു തീനാളം പോലെ ആളിക്കത്തി.പ്രയത്നിക്കാനുള്ള അവളുടെ ആഗ്രഹം വളർന്നു. അവൾ നടന്നു, ഓടി, അതിവേഗത്തിൽ ഓടി.ആകാശം കീഴടക്കാനുള്ള അവളുടെ ശ്രമം പതിയെ വിജയിച്ചു എന്നു തന്നെ പറയാം. അങ്ങനെ സ്പെഷ്യൽ ഒളിംപിക്സിൽ അവൾ സ്വർണ്ണ മെഡൽ നേടി വിജയിച്ചു. അതു അവളെ ചിന്തിപ്പിച്ചു.താൻ തന്റെ നഷ്ടത്തെക്കുറിച്ചോർത്ത് വിലപിച്ചിരുന്നെങ്കിൽ അവൾക്ക് ഈ വിജയം കീഴടക്കാനാവുമായിരുന്നോ? ഇല്ല..***




***ജീവിതത്തിൽ പ്രതിസന്ധികളും വെല്ലുവിളികളും വരും. അവ വിജയത്തിലേക്കുള്ള ദൂരം കുറയ്ക്കുന്നു. മനസ്സിനെ ജ്വലിപ്പിക്കുന്നു.***

***പ്രതിസന്ധികളും കഷ്ടപ്പാടും ഇല്ലാതെ ലഭിക്കുന്ന വിജയം നമുക്ക് ആസ്വദിക്കാൻ പറ്റില്ല. സ്വപ്നം കാണുക , സ്വപ്നങ്ങൾ ചിന്തകളായി മാറും ,ചിന്തകൾ പ്രവർത്തിയിലേക്കു നയിക്കും....***

***-റംസാന ഷാഹുൽ***

***9 ബി***

# ചേട്ടൻ



*തിരക്കുള്ള ആ റോഡിലൂടെ ചേട്ടന്റെ കൈ പിടിച്ച് ഗോപു നടക്കുകയാണ്. റോഡിലൂടെ വാഹനങ്ങൾ ചീറിപാഞ്ഞു പോകുന്നു . കാഴ്ചകൾ കണ്ടു ഗോപു നടക്കുന്നതിനിടയിൽ ചേട്ടൻ പറഞ്ഞു ."എടാ ഗോപു മുന്നോട്ടു നോക്കി നടക്ക്"ഗോപു അതൊന്നും ശ്രദ്ധിക്കാതെ കാഴ്ചകൾ കണ്ടു നടന്നു. അപ്പോഴാണ് റോഡിനപ്പുറത്തുള്ള കടയിൽ പല പല നിറത്തിലുള്ള പെൻസിലുകൾ തൂങ്ങികിടക്കുന്നത് അവൻ ശ്രദ്ധിച്ചത്. ചേട്ടൻ എനിക്ക് പെൻസിൽ വേണം. വാ നമ്മുക്ക് പോയി അത് വാങ്ങാം.ചേട്ടൻ പറഞ്ഞു: ഇപ്പോൾ സമയമില്ല പിന്നെയാകട്ടെ .ഗോപു അത് സമ്മതിച്ചില്ല. ഇല്ല എനിക്കു ഇപ്പോൾ തന്നെ വേണം,ഗോപു വാശിപ്പിടിച്ചു.*

*ചേട്ടൻ പറഞ്ഞു:"എന്റെ പൊന്നു മോനല്ലെ... ഇപ്പോൾ സമയമില്ല ,ഞാൻ മോനെ സ്കൂളിൽ വിട്ട് തിരികെ വരുമ്പോൾ വാങ്ങിച്ചേക്കാം.ഇപ്പോൾ നടക്ക്....*

*അവൻ മനസ്സില്ലാ മനസ്സോടെ സ്കൂളിലേയ്ക്ക് നടന്നു.സ്കൂൾ വിട്ടപാടെ അവൻ വീട്ടിലേയ്ക്ക് ഓടി. വീട്ടിൽ ആരുമില്ലായിരുന്നു. പുറകിൽ നിന്ന് അരോ വിളിക്കുന്നതു കേട്ട് അവൻ തിരിഞ്ഞു നോക്കി. അത് ഗോപാലേട്ടനായിരുന്നു എടാ ഗോപു നിന്നോട് ആശുപത്രിയിലോട്ട് ചെല്ലാൻ പറഞ്ഞു.എന്തിനാ –ഗോപു ചോദിച്ചു. ആ എനിക്ക് അറിയില്ല.ഗോപാലേട്ടൻ പറഞ്ഞു. അവൻ ആശുപത്രിയിലേയ്ക്ക് ഓടി.അവിടെ ഐ.സി.യുവിന് മുമ്പിൽ പൊട്ടിക്കരഞ്ഞു കൊണ്ട് നിൽക്കുന്ന അമ്മയെ ആണ് അവൻ കണ്ടത് . അവൻ ചോദിച്ചു അമ്മേ എന്താ എന്താ പറ്റിയെ നിറഞ്ഞൊഴുകി കണ്ണുകളുമായി അമ്മ പറഞ്ഞു. മോനെ നിന്റെ ചേട്ടൻ രാവിലെ റോഡുമുറിച്ച് കടക്കുന്നതിനിടയിൽ ഒരു വണ്ടി വന്ന് ഇടിച്ചു .ഇതുവരെ ബോധം തെളിഞ്ഞില്ല.എന്തോ വലിയ ഓപ്പറേഷൻ വേണമെന്ന ഡോക്ടർ പറഞ്ഞത് . ഗോപുവിന്റെ കണ്ണുകൾ നിറഞ്ഞ് ഒരു പെരുമഴപോലെ കണ്ണീർ പെയതിങ്ങി.*

*– സിത്താര എം ആർ*
*9 ബി*

# അന്ധകാരം

അന്ധകാരത്തിലാണ്ട ജീവിതം നയിച്ചവൾ
പ്രകാശകിരണങ്ങളുടെ ശബ്ദം കേട്ടവൾ
പഞ്ചരഹസ്യങ്ങൾ പലതുമവൾക്ക് പരസ്യമായിരുന്നു
പറഞ്ഞറിയിക്കാനാവാത്ത സന്തോഷവും സംതൃപ്തിയും
ജീവിതമവൾക്ക് സുന്ദരമായിരുന്നു
മാന്ത്രികമായിരുന്നു
മായാജാലം പോലെ
ജീവിതമവളെ അത്ഭുതപ്പെടുത്തിയിരുന്നു
നാട്ടുവിശേഷങ്ങളൊക്കെ അവൾക്ക്-
അനാവശ്യമായ വിവരങ്ങൾ മാത്രമായിരുന്നു
അവളെ വിസ്മയപ്പെടുത്തിയ പലതും സാധാരണക്കാർക്ക്
മനസ്സിലാക്കാൻ കഴിയുന്നതിലും ഒരുപാട് മേലെയായിരുന്നു
അവൾക്കന്ധകാരവും പ്രകാശമാനമായിരുന്നു
അതവളുടെ ജീവിതമായിരുന്നു



അലീന ജോസ്

7 ബി


# കനവ്

പുറത്തുനിന്ന് നോക്കുന്ന ഒരാൾക്ക് സന്തോഷകരമായ ഒരു
സ്വപനം മാത്രമായാണത് തോന്നുന്നത് എങ്കിൽ അവന്
അത് സ്വർഗ്ഗത്തിലേക്കുള്ള ഒരു യാത്രയുടെ അനുഭൂതിയാണ്
തന്റെ മനസ്സിൽ ഉണ്ടാകുന്ന തോന്നലുകൾ സ്വന്തം
ശബ്ദത്തിൽ അവതരിപ്പിക്കുകയാണവന്റെ സ്വപ്നം
ഈ സ്വപനത്തിനായവൻ തന്റെ പതിനഞ്ചാം
വയസ്സുമുതൽ ശ്രമിക്കുകയാണ് ലോകത്തിൽ ഏറ്റവും മികച്ച വൈദ്യസത്വത്തിനോ
പോലും ഏതോരുതരത്തിലും കഴിയാത്ത ഒന്നാണ് അവന്റെ സ്വപ്നം. എല്ലാവരും നിരു-
ത്സാഹപ്പെടുത്തിയിട്ടും തളർന്നിട്ടില്ല, അവൻ
നാലഞ്ചുദിവസമായി ഈ കനവ് കാണുന്നു.
ഉറക്കത്തിൽ മാത്റം അല്ല, വായിക്കുമ്പോഴും വരയ്ക്കുമ്പോ-
ഴും എല്ലാം. തന്റെ ജീവിതം മാറ്റിമറിക്കുന്ന ഈ പരീക്ഷ-
ണത്തിന് അവൻ തുനിയുകയുകാണ് ഒന്നുകിൽ അവൻ
ലോകത്തെ ഞെട്ടിക്കുന്ന തരത്തിൽ ഒരു കണ്ടുപിടുത്തം
നടത്തും.ഇല്ലെങ്കിൽ....?
"തന്റെ ജീവിതത്തിലെ അവസാന പരിക്ഷണം.
അത് വിജയമോ പരാജയമോ"?
അവൻ ഉത്തരം തേടുന്നു.

-നിയ.പി.വർഗ്ഗീസ്

9 ബി

# ഹോർത്തൂസ് മലബാറീക്കൂസ്



സസ്യവർഗീകരണരംഗത്ത് മലബാറുകാർ അഭിമാനത്തിന് വക നൽകുന്നതാണ് ഹോർത്തൂസ് മലബാറിക്കൂസ് . 1678 -1693 കാലയളവിൽ യൂറോപ്പിലും മറ്റും സസ്യവർഗ്ഗീകരണശാസ്ത്രം ശൈശവദശയിൽപോലുമെത്താത്ത കാലത്താണ് മലബാറിലെ സസ്യസമ്പത്തിനെക്കുറിച്ച് ഒരു പുസ്തകം അച്ചടിച്ച് പുറത്തിറങ്ങുന്നത് .12 വോള്യങ്ങളും ഓരോ വോള്യത്തിലും ഏകദേശം 200 പേജുകളുമുള്ള പുസ്തകം സസ്യങ്ങൾ ക്ക് ശാസ്ത്ര്യനാമങ്ങൾ വരുന്നതിന്നതിന് മുമ്പ് ഡച്ചുകാരനായ ഹെൻട്രിക് വാൻ റീഡ് ആണ് ലാറ്റിൻ ഭാഷയിൽ എഴുതി പ്രസിദ്ധീകരിച്ചത്.

കേരളത്തിൽ സസ്യവൈവിധ്യത്തെക്കുറിച്ച് നല്ലൊരു ആമുഖം ഉണ്ടാക്കുവാൻ ഈ പുസ്തകം വഴി സാധിച്ചിട്ടുണ്ട്. സസ്യങ്ങളുടെ അക്കാലത്ത് അറിയപ്പെടുന്ന നാടൻ പേരുകൾ ഈ പുസ്തകത്തിൽ ത്ഥം.ഇട്ടി അച്ചുതൻ എന്ന് പേരുള്ള ഒരു മലയാളിനാട്ടുവൈദ്യനും ഈ പുസ്തകനിർമ്മാണത്തിൽ നല്ലൊരു പങ്കുവഹിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

*-അന്ന മരിയ ജോസ് 9 ബി*

# "കെട്ടഴിഞ്ഞ കഴുത"

ഈ – പുകിലുകൾക്ക് കാരണം- കെട്ടഴിച്ചു വിട്ട കഴുത തൊട്ടടുത്ത തൊടിയിലെ
കൃഷിയിടത്തിൽ നട്ടതൊക്കെ നാശമാക്കി നാലിടം

കണ്ടു വന്ന കർഷകന്റെ പത്നി നല്ല പത്തലാൽ
കഴുതയെ അഴിച്ചു കൊന്നു ദേഷ്യമോടെ ഉടനടി

കഴുതയുടെ ഉടമവന്നു ഉഗ്രദേഷ്യമൊക്കെയും
കർഷകന്റെ പത്നിമേൽ തീയത്തു ചാട്ടവാറിനാൽ
കേട്ടറിഞ്ഞു എങ്ങു നിന്നോ പാഞ്ഞുലന്ന കർഷകൻ
അരിവാളെടുത്തു ആഞ്ഞുവെട്ടി കഴുത- തൻ-ഉടമയെ

വെട്ടുകൊണ്ടു ചോരവാർന്നു ബോധമറ്റരൊതപ്പനെ
കണ്ട മക്കൾ ദേഷ്യമൊക്കെ തീർത്തതോ
തീയിനാൽ തീയിട്ടുകൊണ്ട് കർഷകന്റെ കുടിലിനെ

നോക്കണെയി പോക്കുപോയ പുകിലുകൾ പിന്നങ്ങനെ
കെട്ടഴിച്ചു വിട്ടതാരീ കഴുതയെ എന്നായി ചോദ്യമൊക്കെയും
തൊട്ടടുത്ത-വീട്ടിലുള്ള കൊച്ചു ബാലൻ കാട്ടിയ
കൊച്ചു കഞ്ഞു വികൃതിയാണീ മൂലബാല കാരണം
പക്ഷെ – കെട്ടഴിഞ്ഞതോ – തൊട്ടുള്ളിലുള്ള – പകകളും

ചത്ത കഴുതയാണോ കാര്യ – കാരണത്തിൻ – കാരണം
മുന്പുള്ളിലുള്ള പകകളാണോ കെട്ടഴിഞ്ഞു തീർന്നത്
ഉള്ളിലുള്ള പകകളാണോ

-ശ്രേയ.എസ്

9 ബി

# നീ

*ഇരുളിൽ ഒരു നിഴലായിരുന്നു നീ.......*
*കുറ്റാകൂരിരിട്ടിലും ആ നിഴലായ നിന്നെ ഞാൻ കണ്ടു.......*
*മുറിവേറ്റ എന്റെ മനസ്സിൽ ഒരു കുളിർമഴയായി നീ പെയ്തു....*
*വ്രണങ്ങൾ പിടിച്ച എന്റെ ശരീരത്തിന് നിന്റെ മൃദുകരങ്ങൾ ആരിവേപ്പായി മാറി......*
*എന്റെ നേർക്കുള്ള ചൂണ്ടുവിരലുകൾക്കിടയിലും രണ്ടു കരങ്ങളും നീട്ടി നീ നിന്നു.....*
*വിഷം നിറച്ച വാക്കുകളുടെ ബാണങ്ങൾ എന്റെ നേർക്ക് വന്നപ്പോഴും*
*ഒരു കവചമായി നീ മാറി*
*ചിറകുകറ്റ ഒരു പക്ഷിയായിരുന്ന എനിക്ക് എന്തിന് നീ ചിറകുകൾ*
*മുളപ്പിച്ചു?*

*എന്തിനു പ്രിയേ?*
*എന്തിനു?.....*



*-അക്ഷയ എച്ച്. ആർ*
*9 സി*

# എന്റെ അവധിക്കാല യാത്ര

ഒരു ദിവസം രാവിലെ നാല് നാലര ആയപ്പോൾ ഞാനും എന്റെ കുടുംബവും കൂടി എറണാകുളത്തെയ്ക്ക പുറപ്പെട്ടു. ഞങ്ങൾ കാറിൽ ആണ് പോയത് .



കാറിൽ കയറി അല്പം കഴിഞ്ഞപ്പോൾ കാറിന്റെ ഗ്ലാസ് ഞാൻ താഴ്ത്തി. ഞാൻ പുറം കാഴ്ച്ചകൾ കാണാൻ തുടങ്ങി. മനോഹരമായ പച്ച പരവതനി വിരിച്ചതുപോലെ പച്ച പുല്ലുകൾ നിൽക്കുന്നു.അങ്ങനെ പോകുമ്പോൾ ആണ് ഞാൻ ആ കാഴ്ച്ച കണ്ടത്.പല നിറത്തിലുള്ള പൂക്കൾ ചിരിച്ചുകൊണ്ട് നിൽക്കുന്നു.ഞങ്ങൾ പോയ വഴിയുടെ ഇരുവശത്തും ആറുകൾ അതിലൂടെ താറാവുകൾ നീന്തുന്നു.പിന്നെ ഞങ്ങൾ രാവിലത്തെ ഭക്ഷണം കഴിക്കാൻ കയറി. ആഹാരം കഴിച്ച് കഴിഞ്ഞ് ഞങ്ങൾ യാത്ര തുടർന്നു. അങ്ങനെ പോയി ഞങ്ങൾ എറണാകുളത്ത് എത്തി.പിന്നെ അവിടുത്തെ കാഴ്ച്ച കാണാൻ തുടങ്ങി. ഞങ്ങൾ ആദ്യമേ ഫൊട്ടുകൊച്ചി ബീച്ചിൽ ആണ് പോയത്. അവിടെ വച്ച് എനിക്ക് ഇഷ്ട്ടപ്പെട്ട ഐസ്ക്രീം കഴിച്ചു. അവിടെ കുറച്ചു നേരം ചെലവഴിച്ച ശേഷം മട്ടഞ്ചേരിയിലെയ്ക്ക് പോയി. അവിടെ കുറെ പുരതനവസ്തുക്കൾ വിൽക്കുന്ന കടകൾ ആണ് കൂടുതലും  ഉള്ളത്. പിന്നെ പേയത് വല്ലാർഭടം പള്ളിയിലേക്ക് ആണ് . അവിടെ കയറി പ്രാർത്ഥിച്ചശേഷം ഞങ്ങൾ മറയൻ ഡ്രൈവിൽ ബോട്ടിങ്ങിന് പോയി. ബോട്ടിൽ ഡാൻസും പാട്ടുമായി രണ്ട് മണിക്കൂർ പോയത് അറിഞ്ഞില്ല. ഈ സ്ഥലങ്ങളിൽ എല്ലാം പോയ ശേഷം തിരിച്ചു വീട്ടിലേക്കു മടങ്ങി. എനിക്കു വളരെ ഇഷ്ടപ്പെട്ട യാത്ര ആയിരുന്നു ഇത്.

*-ട്രീസ. റെജി*

*9 ബി*

# ലിറ്റിൽകൈറ്റ്സ് പ്രവർത്തനങ്ങൾ











